വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട്, സംസ്ഥാന ഗവൺമെന്റ് സമർപ്പിക്കുന്ന പദ്ധതികൾക്ക് കാലാകാലങ്ങളിൽ അനുമതി തേടാറുണ്ട്. ഉദാഹരണത്തിന് മാർത്താണ്ഡവർമ്മ പാലം, ചേറോട് റെയിൽവേ മേൽപ്പാലം, കൊയിലാണ്ടി ഡീവിയേഷനുള്ള ഭൂമി ഏറ്റെടുക്കൽ, ആലുവ-അങ്കമാലി 4 വരി പാതക്കുള്ള ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ പദ്ധതികൾക്കു സമീപകാലത്ത് അനുമതി ലഭിച്ചിട്ടുണ്ട്. തലശ്ശേരി-മാഹി ബൈപാസ്, തിരുവനന്തപുരം-നെയ്യാറ്റിൻകര കണ്വെൻഡ് ബൈപാസ് ഭൂമി ഏറ്റെടുക്കൽ എസ്റ്റിമേറ്റ്, ആലുവ-അങ്കമാലി 4 വരി പാത 1-ാം ഘട്ടം, വളപട്ടണം പാലത്തിന്റെ അറ്റകുറ്റപണി തുടങ്ങിയവയാണ് അനുമതി ലഭിക്കാനുള്ള പദ്ധതികൾ.

(ബി) ഉത്തരം (എ) യുടെ വെളിച്ചത്തിൽ ബാധകമല്ല.

(സി) മുകളിൽ ഉത്തരം (എ) യിൽ സൂചിപ്പിച്ചതുപോലെ അടിയന്തിര പ്രാധാന്യമുള്ള പദ്ധതികൾക്ക് സംസ്ഥാന ഗവൺമെന്റ് ഇടപെട്ട് യഥാസമയം അംഗീകാരം വാങ്ങാറുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പിന്നോക്ക സമുദായക്ഷേമവകുപ്പ് രൂപീകരണം

1 (784)ശ്രീമതി. കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായ വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിലേയ്ക്കായി പിന്നോക്ക സമുദായക്ഷേമ വകുപ്പ് രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പിന്നോക്ക സമുദായക്ഷേമ വകുപ്പ് രൂപീകരണം ത്വരിതപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ഈ സാമ്പത്തിക വർഷം തന്നെ വകുപ്പ് രൂപീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly